ചിപ്പി വളർത്തൽ കേന്ദ്രങ്ങൾ

12 (1919) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.കെ. ബാബു :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ആഭിമുഖ്യത്തിൽ ചിപ്പി വളർത്തുന്ന എത്ര കേന്ദ്രങ്ങളുണ്ടെന്നും എവിടെയെല്ലാം എന്നും വ്യക്തമാക്കുമോ ;

(ബി) മത്സ്യബന്ധന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മുത്തുചിപ്പി വളർത്തുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ഡി) സംസ്ഥാനത്ത് വ്യവസായികാടിസ്ഥാനത്തിൽ ചിപ്പിയും മുത്തുചിപ്പിയും വളർത്തുവാൻ ഗവൺമെന്റിനു പരിപാടിയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഗവൺമെന്റ് ആഭിമുഖ്യത്തിൽ ചിപ്പി വളർത്തുന്ന കേന്ദ്രങ്ങൾ നിലവിലില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) മുത്തുചിപ്പി വളർത്തുവാൻ പരിപാടിയുണ്ട്.

(ഇ) ആഴം കുറഞ്ഞ തീരക്കടലിൽ ചിപ്പിയും മുത്തുചിപ്പിയും വളർത്താനുള്ള ഒരു നൂതന മാർഗ്ഗം കേന്ദ്രസമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി. എം. എഫ്. ആർ. ഐ.) ഈയിടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മുത്തുചിപ്പി വളർത്തുവാൻ ഈ രീതി അവലംബിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

മത്സ്യബന്ധന തുറമുഖങ്ങൾ

13 (1920) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങൾ പുനരുദ്ധരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly